compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഒക്ടോബർ 28
Tuesday, 28th October 2025

1201 തുലാം 11
11th Thulam 1201

1947 കാർത്തികം 6
6th Karthika 1947

വാല്യം 14
Vol. XIV

നമ്പർ **43**
No.

Part III

Fisheries and Ports Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ DDF KLM/401/2025-I. 2025 ഒക്ടോബർ 17.

18-6-2024-ന് കൊല്ലം താലൂക്കിൽ ശക്തികുളങ്ങര വില്ലേജിൽ മീനത്ത് ചേരിയിൽ സോഫിയ ഗാർഡനിൽ ശ്രീ. റ്റൈറ്റസ് പയസ്, കൊല്ലം ജില്ലയിൽ ശക്തികുളങ്ങര വില്ലേജിൽ മീനത്തുചേരിയിൽ സെൻറ് തോമസ് ഐലൻഡിൽ വാഴോട്ട് വീട്ടിൽ ശ്രീ. വിൻസെന്റ് മകൻ മത്സ്യത്തൊഴിലാളിയായ ശ്രീ. ഷെൽട്ടൻ വിൻസെന്റ് പേർക്ക് കൊല്ലം സബ് രജിസ്ട്രാർ ഓഫീസിൽ വച്ച് 2024 ജൂൺ 18-ന് ഒന്നാം പുസ്തകം 698-ാം വാല്യം 243 മുതൽ 250 വരെ വശങ്ങളിലും 700-ാം വാല്യം 1-ം 2-ം വശങ്ങളിലും 953 നമ്പർ വിലയാധാര പ്രമാണ പ്രകാരം സിദ്ധിച്ച റീസർവ്വേ ബ്ലോക്ക് 1, റീസർവ്വേ സബ് ഡിവിഷൻ 1, റീസർവ്വേ നമ്പർ 38, പഴയ സർവ്വേ നമ്പർ 2, പഴയ സർവ്വേ സബ് ഡിവിഷൻ 78/113-ൽ 01 ആർ 21 ച. മീറ്റർ വിസ്തീർണ്ണ കായൽ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന മുക്കാട് പാടിലെ അഞ്ചാം നമ്പർ ഊന്നി വല സ്വന്തം പേരിൽ പോക്കുവരവ് ചെയ്തു ലഭിക്കുന്നതിനായി ശ്രീ. ഷെൽട്ടൻ വിൻസെന്റ് അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാൻ പടപ്പക്കര മത്സ്യഗ്രാമത്തിലെ 9426 നമ്പർ മത്സ്യത്തൊഴിലാളിയാണ്. 2024-25 വരെ ടിയാൻ ക്ഷേമനിധി വിഹിതം ഒടുക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പഴയ സർവ്വേ 2/78/113-ൽ ഉൾപ്പെട്ട റീസർവ്വേ 38/1-ൽ അഷ്ടമുടി കായലിൽ 01 ആർ 21 ച. മീറ്റർ കായൽ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന മുക്കാട് പാടിലെ 5-ാം നമ്പർ ഊന്നിവലപ്പാട്, കൊല്ലം ജില്ലയിൽ ശക്തികുളങ്ങര വില്ലേജിൽ മീനത്തുചേരിയിൽ സെന്റ് തോമസ് ഐലൻഡിൽ വാഴോട്ട് വീട്ടിൽ ശ്രീ. വിൻസെന്റ് മകൻ മത്സ്യത്തൊഴിലാളിയായ ശ്രീ. ഷെൽട്ടൻ വിൻസെന്റ് പേർക്ക് പോക്കുവരവ് ചെയ്തു നൽകുന്നതിനെതിരെ ന്യായമായ പരാതികൾ ഉള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ രണ്ടുമാസത്തിനുള്ളിൽ ഈ ഓഫീസിൽ രേഖാമൂലം പരാതി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പരാതി ഒന്നും തന്നെയില്ല എന്ന് കണക്കാക്കി അപേക്ഷകന്റെ പേരിൽ പോക്കുവരവ് ചെയ്തു നൽകുന്നതായിരിക്കും.

ഫിഷറീസ് ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
കൊല്ലം. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ DDFKLM/405/2025-I. 2025 ഒക്ടോബർ 17.

മീനത്തുചേരി, നെട്ടകയിൽ ശ്രീ. വറീദ് പാവൽ ഫെർണാണ്ടസിന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുക്കാട് പാടിലെ 1,2,3 എന്നീ നമ്പറിലുള്ള മൂന്ന് കുറ്റിവലപ്പാടുകൾ നിലവിലെ ഉടമസ്ഥയായ കൊല്ലം താലൂക്കിൽ ശക്തികുളങ്ങര വില്ലേജിൽ മീനത്ത് ചേരിയിൽ കാവനാട് കമ്പിപുരയിൽ മഞ്ജുനിവാസിൽ ശ്രീമതി സോഫിയ അനിലും മുക്കാട് പാടിലെ 4-ാം നമ്പർ കുറ്റിവലപ്പാടിന്റെ ഉടമസ്ഥയായ ശക്തികുളങ്ങര വില്ലേജിൽ മീനത്തുചേരിയിൽ കാവനാട് സോഫിയ ഗാർഡനിൽ ടൈറ്റസ് പയസ് എന്നിവർ ചേർന്ന്, കൊല്ലം താലൂക്കിൽ ശക്തികുളങ്ങര വില്ലേജിൽ മീനത്ത് ചേരിയിൽ കാവനാട് കണക്കൻതുരുത്തിൽ ജോളി ഭവനിൽ ജോൺസൺ മകൻ ജോസ് ജോൺസൺ പേർക്ക് കൊല്ലം സബ് രജിസ്ട്രാർ ഓഫീസിൽ വച്ച് 2024 ജൂൺ 18-ന് ഒന്നാം പുസ്തകം 698 വാല്യം 243 മുതൽ 250 വശങ്ങളിലും 700 വാല്യം ഒന്നു മുതൽ രണ്ടു വരെ വശങ്ങളിലും 953 നമ്പർ വിലയാധാര പ്രമാണപ്രകാരം സിദ്ധിച്ച റിസർവ്വേ ബ്ലോക്ക് 1 റിസർവ്വേ സബ് ഡിവിഷൻ 1 റിസർവ്വേ നമ്പർ 38, പഴയ സർവ്വേ നമ്പർ 2, പഴയ സർവ്വേ സബ് ഡിവിഷൻ 78/113-ൽ 04 ആർ 85 ച. മീറ്റർ വിസ്തീർണ കായൽ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന മുക്കാട് പാടിലെ 1,2,3,4 എന്നീ നാല് ഊന്നിവലപാടുകൾ സ്വന്തം പേരിൽ പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിനായി ശ്രീ. ജോസ് ജോൺസൺ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടിയാൻ പടപ്പക്കര മത്സ്യ ഗ്രാമത്തിലെ 3409 നമ്പർ അംഗത്വമുള്ള മത്സ്യത്തൊഴിലാളിയാണ്. 2024-25 വരെ ടിയാൻ ക്ഷേമനിധി വിഹിതം ഒടുക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പഴയ സർവ്വേ 2/78/113-ൽ അഷ്ടമുടിക്കായലിൽ 04 ആർ 85 ച. മീറ്റർ വിസ്തീർണ കായൽ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന മുക്കാട് പാടിലെ 1,2,3,4 എന്നീ നാല് ഊന്നിവല പാടുകൾ, കൊല്ലം ജില്ലയിൽ ശക്തികുളങ്ങര വില്ലേജിൽ മീനത്ത് ചേരിയിൽ കാവനാട് കണക്കൻ തുരുത്തിൽ ജോളി ഭവനിൽ ജോസ് ജോൺസൺ പേർക്ക് പോക്കുവരവ് ചെയ്തു നൽകുന്നതിനെതിരെ ന്യായമായ പരാതിയുള്ള പക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ രണ്ടു മാസത്തിനുള്ളിൽ ഈ ഓഫീസിൽ രേഖാമൂലം പരാതി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പരാതി ഒന്നും തന്നെ ഇല്ല എന്ന് കണക്കാക്കി അപേക്ഷകന്റെ പേരിൽ പോക്കുവരവ് ചെയ്തു നൽകുന്നതായിരിക്കും.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ (ഒപ്പ്)
കാര്യാലയം, കൊല്ലം. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.28 03:48:34 +05:30